Mr. K. P. Kannan Nayar *(Secretary to Government).*—They can very well stop at Thathamangalam.

Mr. M. V. Cherian *(Mattancheri South).*—Is the travellers' bangalow constructed at the expense of the Government?

Mr. V. K. Aravindaksha Menon *(Chief Engineer.)*—Yes.

Mr. T. A. Ramachandra Ayyar *(Nellai)*—Is he paying any rent?

Mr. V. K. Aravindaksha Menon *(Chief Engineer)*—Yes.

Meter—private houses—particulars regarding.

19. **Mr. A. V. Moothedan** *(Chalakkudi).*—Will the Government be pleased to state.—

(a) the average life of a meter placed at water connections to private houses, at Ernakulam;

(b) in how many years a private house owner has to continue paying instalments for liquidating the price of a meter;

(c) what is the rate of instalment;

(d) what is the average price of a meter?

Mr. V. K. Aravindaksha Menon *(Chief Engineer).*—

(a) Ordinarily the life of a meter may be taken as 10 to 15 years.

(b) 15 years.

(c) Re. 0—4—6 a month.

(d) The cost of a meter including fitting charges will come to about Rs. 35.

Mr. A. V. Moothedan *(Chalakkudi).*—What is the price of meter alone?

Mr. V. K. Aravindaksha Menon *(Chief Engineer).*—About Rs. 28.

Arabic Pandit—Wadakkancheri High School—appointment of.

൨൦. മിസ്റ്റർ വി. കെ. കുട്ടി *(Muslims).*—താഴെ പറയുന്ന കാര്യങ്ങൾ ഗവർമ്മെണ്ടു ദയവു കൂടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly

(ഛ) വടക്കാഞ്ചേരി ഹൈസ്കൂളിൽ ഒരു അറബി മുൻഷിയെ നിയമിച്ചുകിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; അവിടത്തെ മുസ്ലീമിങ്ങളിൽ നിന്നും കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ എത്ര അപേക്ഷകൾ കിട്ടീട്ടുണ്ട്;

(ഛ) മേൽപ്രകാരം വല്ല അപേക്ഷകളും കിട്ടിട്ടുണ്ടെങ്കിൽ തദനുസരണം അറബി മുൻഷിയെ നിയമിച്ചു കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(ന) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*—

(ഛ) മൂന്ന്.

(ഛ) ഇല്ല.

(ന) ഈ സ്കൂളിലെ സെക്കണ്ടറി ക്ലാസ്സുകളിൽ മുസ്ലിം കുട്ടികളുടെ എണ്ണം കുറവായതുകൊണ്ട് ഒരു അറബി മുൻഷിയെ നിയമിക്കാൻ ആവശ്യമുള്ളതായി തോന്നിയിട്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— പുതിയ സ്കൂളുകളും ക്ലാസുകളും തുറക്കുമ്പോൾ കുട്ടികളെ ശരിപ്പെടുത്തീട്ടാണോ അദ്ധ്യാപകന്മാരെ നിയമിക്കുന്നത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— ഭാവിയിൽ ഉണ്ടാകുവാൻപോകുന്ന കുട്ടികളെ ചേർത്തിട്ടല്ല, പക്ഷെ തുടങ്ങുവാനായിട്ട ഒരു ജസ്റ്റിഫിക്കേഷൻ ആവശ്യമാണ്, അതുയും അവിടെയില്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— അങ്ങിനെ പരീക്ഷിച്ചു നോക്കീട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— സാധാരണയായിട്ട് പഠിക്കുവാൻ വരുന്ന കുട്ടികൾക്കുവേണ്ടി സ്കൂൾ വക്കുകയല്ലാതെ സ്കൂൾവച്ചു കുട്ടികൾ വരുമെന്നു കാത്തിരിക്കാറില്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— കൊറാൻ ടീച്ചേഴ്സിനെ അപ്പായിൻറു ചെയ്യുന്നതിനുമുമ്പ് ഇപ്പോൾ ഉള്ളിടത്തോളം മുസ്ലീം വിദ്യാർത്ഥികൾ ഉണ്ടായിരുന്നുവോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— പ്രാഥമിക വിദ്യാഭ്യാസം അത്യാവശ്യമാണെന്നുള്ളതുകൊണ്ട് അതിലേക്കു സകല ആനുകൂല്യങ്ങളും ഗവർമ്മെണ്ട് ചെയ്യുന്നുണ്ട്. എന്നാൽ സെക്കണ്ടറി വിദ്യാഭ്യാസത്തിന് ആ മാതിരി ധനവ്യയം ചെയ്യുന്നതു ശരിയല്ലെന്നു വിചാരിച്ചാണ് അങ്ങിനെയുള്ള വിഷയം തുടങ്ങാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— കുട്ടികളെ ആകഷ്ടിക്കുവാൻ വേണ്ടിയല്ലേ പ്രാഥമിക വിദ്യാലയങ്ങളിൽ കൊറാൻ ടീച്ചേഴ്സിനെ അപ്പോയിൻറു ചെയ്തിട്ടുള്ളതു്?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— പ്രാഥമിക വിദ്യാഭ്യാസത്തിൽ മുസ്ലീം കുട്ടികളെ ആകഷ്ടിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള കാര്യം ഗവമ്മെണ്ടു് അക്സപ്റു ചെയ്തിട്ടുണ്ടു്. അതുമാതിരി സെക്കണ്ടറി വിദ്യാലയങ്ങളിൽ അക്സപ്റു ചെയ്യേണ്ട ആവശ്യമുണ്ടോ എന്നോയുള്ളൂ.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഇപ്പോൾ കാളേജു വിദ്യാഭ്യാസത്തിൽ മുസ്ലീമിങ്ങളെ മുന്നോട്ടു കൊണ്ടുവരുവാൻ ഗവമ്മെണ്ടു വേണ്ട ആനുകൂല്യങ്ങൾ ചെയ്തിട്ടുണ്ടു്. അതുപോലെ സെക്കണ്ടറി വിദ്യാഭ്യാസത്തിനും ചെയ്യണമെന്നാണു പറയുന്നതു്.

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— സെക്കൻററി വിദ്യാഭ്യാസത്തിനു് അതു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ 1000-ൽപരം മുസ്ലീം കുട്ടികൾ അറബിക്കു കൂടാതെതന്നെ പഠിച്ചുവരുന്നുണ്ടു്. ഇനി അറബിക്കു കൂടി വച്ചാൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടാകുമോ എന്നു പരീക്ഷിച്ചിട്ടില്ല. ഏതെങ്കിലും ഒരു സ്ഥാപനത്തിൽ പുതിയതായ ഒരു വിഷയം ഐശ്ചികമായി പഠിപ്പിക്കണമെങ്കിൽ തക്കതായ സ്ട്രങ്ത്തു് ഉണ്ടോ എന്നു നോക്കണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— ഈ ചോദ്യത്തിൽ പറയുന്ന വടക്കാഞ്ചേരി സ്കൂളിൽ സെക്കണ്ടറി ക്ലാസിൽ എത്ര മുസ്ലീം വിദ്യാർത്ഥികളുണ്ടു്?

Rao Sahib I. N. Menon (*Director of Public Instruction*).— I can furnish the figures from 1936 which are the latest. There are 68 students taking Arabic in the whole State.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— അറബി ഭാഷയിൽ ആകെ എത്ര പുസ്തകങ്ങൾ ഉണ്ടു്?

Mr. Kumaran Ezhuthassan (*Wadakkancherri*).—How many students are there in the secondary department of the Wadakkancherri High School where a Munshi's appointment is sought?

Rao Sahib I. N. Menon (*Director of Public Instruction*).— Less than a dozen.

മിസ്റ്റർ കെ. എസ്സു്. പണിക്കർ (*Ezhuvas North*).— പ്രാഥമിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൊറാൻ ടീച്ചേഴ്സിന്റെ മിനിമം സ്ട്രങ്ത്തു് എത്രയാണു്?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ർ൦ വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അടുത്തടുത്ത് രണ്ടു സ്കൂളിലാണെങ്കിൽ ആ സ്ട്രങ്ത് തു മതിയാകുമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അങ്ങിനെ ധാരാളമായിട്ട കുട്ടികളുണ്ടാകുമെങ്കിൽ ഒരു മാസ്റ്ററെ വച്ചു ഗ്രൂപ്പു ചെയ്യേണ്ടിവരും.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— ഒരാളെവച്ചു നന്നു പരീക്ഷിക്കുവാൻ ഗവമ്മെണ്ടിനു ഭയവുണ്ടാകുമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— മുസ്ലീം അസോസിയേഷൻ വഴിയായും മറും ഇതിനു വേണ്ടി പ്രചരണവേലകൾ ചെയ്തു കുറച്ചാളുകളെങ്കിലും പഠിക്കുവാൻ ഉണ്ടാകുമെന്നു ഗവമ്മെണ്ടിനു ബോദ്ധ്യം വന്നാൽ എന്തെങ്കിലും ചെയ്യാം.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ *(Kattur)*.— ർ൦ കുട്ടികൾ വേണമെന്നുള്ള നിർബന്ധം ഇനിയും വേണമെന്നാണോ ഗവമ്മെണ്ടു പറയുന്നതു?

റാവു സാഹിബ് ഐ. എൻ. മോനോൻ *(Director of Public Instruction)*.— ഒരു വിദ്യാലയത്തിൽ ർ൦ കുട്ടികൾ വേണം.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ *(Kattur)*.— അങ്ങിനെ റൂൾ ഉണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— റൂൾ ഉണ്ടു.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— ർ൦ എന്നുള്ള സംഖ്യ കുറച്ചു അധികമല്ലേ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— വിദ്യാഭ്യാസത്തിന്റെ പുരോഗമനത്തെ അപേക്ഷിച്ചു ആ സംഖ്യ വളരെ കുറവാണു.

21. **Mr. K. M. Kunhi Moideen** *(Kattur)*.—Will the Government be pleased to state why an Arabic Pandit has not been appointed in the Wadakkancheri High School?

Rao Sahib I. N. Menon *(Director of Public Instruction)*.— The strength of the Muslim pupils in the secondary classes did not justify the appointment of an Arabic Pandit.

LIBRARY ARCHIVES Kerala Legislative Assembly